പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1834 01.11.2019-ലെ മറുപടിക്ക്

## റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. സജി ചെറിയാൻ

" കെ. ആൻസലൻ

" പുരുഷൻ കടലുണ്ടി

" വി. അബ്ദുറഹിമാൻ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ<br>(1) <u>സേഫ് കേരള പദ്ധതി</u><br>കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള സേഫ് കേരള പദ്ധതി.<br>(2) <u>ശബരിമല സേഫ് സോൺ</u><br>ഉത്സവക്കാലത്തെ ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ശബരിമല സേഫ് സോൺ പദ്ധതി.<br>(3) <u>ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ</u><br>കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത് - മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിയ്ക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br>(4) <u>മാതൃകാ സുരക്ഷാ വീഥി</u><br>ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ - കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി ചലഞ്ച് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ മറ്റ് പാതകളിലേക്കും വ്യാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | (5) <u>ബോധവൽക്കരണ പരിപാടികൾ</u><br>റോഡ് സുരക്ഷാ വാരാചരണം എഫ്.എം റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന / ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ /കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തി വരുന്നു.<br>(6) <u>റോഡ് സുരക്ഷാ വാരാചരണം</u><br>റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ / പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷ ശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷം തോറും നടത്തി വരുന്ന ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.<br>(7) <u>സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി</u><br>കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും സ്കൂളുകൾ കേന്ദ്രീകരിച്ച് റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ സംഘടിപ്പിച്ചു. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത് അദ്ധ്യാപകർ, പിറ്റിഎ, സ്കൂൾ ജീവനക്കാർ, |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുകയുണ്ടായി.<br>ഇതിന് പുറമേ മോട്ടോർവാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും എല്ലാ ദിവസവും എല്ലാ സമയത്തും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പട്രോളിംഗ് നടത്തുന്നു. ഈ ഉദ്യോഗസ്ഥരുടെ റോഡിലുള്ള സാന്നിദ്ധ്യവും വാഹന പരിശോധനയും അപകടങ്ങൾക്ക് കാരണമാകുന്ന അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ഓവർ ലോഡ്, എന്നീ കുറ്റങ്ങളെ തടയുന്നു. അമിത വേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിതഭാരം എന്നീ അപകടങ്ങൾക്ക് കാരണമാകുന്ന കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസുകൾ സസ്പെന്റ് ചെയ്യാറുണ്ട്. കൂടാതെ ഹൈവേകളിൽ മോട്ടോർ വാഹന വകുപ്പ് 240 ഹൈസ്പീഡ് ക്യാമറകളും ഘടിപ്പിച്ചിട്ടുണ്ട്. 2019-ൽ ഇത്തരത്തിൽ 21,246 ലൈസൻസുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ അപകടത്തിന് ഇടയാകുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുന്നുണ്ട്. 2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. എല്ലാ വർഷവും പൊതുജന പങ്കാളിത്തത്തോടു കൂടി റോഡ് സുരക്ഷാ വാരം ആചരിക്കുന്നു. ഈ സമയത്ത് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് റോഡ് സുരക്ഷാ സന്ദേശവും ലഘുരേഖകളും പ്രചരിപ്പിക്കുന്നുണ്ട്. |
| ബി) | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി പൂർണ്ണസമയ നിരീക്ഷണ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 85 പൂർണ്ണ സമയ നിരീക്ഷണ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. |
| (സി) | വാഹനങ്ങളുടെ അമിതവേഗം, ഡ്രൈവിംഗിനിടയിലെ മൊബൈൽ ഫോൺ ഉപയോഗം തുടങ്ങിയവ കണ്ടുപിടിക്കുന്നതിനായി കൂടുതൽ അത്യാധുനിക ക്യാമറകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിലൂടെ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും റോഡ് സുരക്ഷാ പ്രചരണ പരിപാടികൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനും വിദ്യാർത്ഥികളെ റോഡ് സേഫ്റ്റി കേഡറ്റുകളായി തെരഞ്ഞെടുക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഗതാഗത വകുപ്പിനു കീഴിൽ നിലവിൽ ഇത്തരം പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**